# ജില്ലാ വികസന സമിതി യോഗം, തിരുവനന്തപുരം
## രണ്ടായിരത്തി പതിനേഴ് ജൂൺ മാസത്തെ യോഗനടപടിക്രമങ്ങൾ

**തീയതി: 24.06.2017**

**സ്ഥലം: തിരുവനന്തപുരം കളക്ടറേറ്റ് കോൺഫറൻസ് ഹാൾ**

തിരുവനന്തപുരം ജില്ലാ വികസന സമിതി ജൂൺ മാസത്തെ യോഗം 24.06.2017 രാവിലെ 11.00–ന് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേർന്നു. ജില്ലാവികസന സമിതിയുടെ ചെയർമാൻ ജില്ലാ കളക്ടർ ശ്രീ.എസ്.വെങ്കടേസപതി ഐ.എ.എസ് യോഗത്തിന്റെ അദ്ധ്യക്ഷനായിരുന്നു.

വികസനസമിതിയുടെ മെമ്പർ സെക്രട്ടറി ജില്ലാ പ്ലാനിംഗ് ആഫീസർ ശ്രീ.ബിജു.വി.എസ് ജനപ്രതിനിധികളെയും ജില്ലാതല ഉദ്യോഗസ്ഥരെയും യോഗത്തിലേക്ക് സ്വാഗതം ചെയ്തു. ബഹു.ഡെ.സ്പീക്കർ ശ്രീ.വി.ശശിയുടെ പ്രതിനിധി ശ്രീ.കെ.എ.സമീൻഷാ, ബഹു.എം.എൽ.എ ശ്രീ.ഡി.കെ.മുരളിയുടെ പ്രതിനിധി ശ്രീ.എം.ഐ.പ്യാരേലാൽ, ബഹു.എം.എൽ.എ ശ്രീ. കെ മുരളീധരന്റെ പ്രതിനിധി ശ്രീ.ആർ. ശ്രീലാൽ, ബഹു. എം.എൽ.എ അഡ്വ.ബി. സത്യന്റെ പ്രതിനിധി ശ്രീ.ഡി.ആർ.വിനുരാജ്, ബഹു.എം.എൽ.എ അഡ്വ.വി.ജോയിയുടെ പ്രതിനിധി ശ്രീ.വി.മദനകുമാർ, ബഹു. ഡെപ്യൂട്ടി കളക്ടർ (ജനറൽ) ശ്രീ. ജോൺ സാമുവൽ എന്നിവരും ജില്ലാതല ഉദ്യോഗസ്ഥരും യോഗത്തിൽ പങ്കെടുത്തു.

### 24.06.2017 – ലെ ജില്ലാ വികസന സമിതിയിൽ ജനപ്രതിനിധികൾ അവതരിപ്പിച്ച വിഷയങ്ങൾ

### ബഹു.ഡെ.സ്പീക്കർ ശ്രീ.വി.ശശിയുടെ പ്രതിനിധി ശ്രീ.കെ.എ.സമീൻഷാ ഉന്നയിച്ച വിഷയങ്ങൾ

1. പൂത്തുറയിൽ കല്ലിടുന്നത് സംബന്ധിച്ച പ്രവർത്തന പുരോഗതി. **(നടപടി: ഇ.ഇ. മേജർ ഇറിഗേഷൻ)**
2. കഠിനംകുളം പഞ്ചായത്തിലെ പുത്തൻതോപ്പ് പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് പുനരധിവസിപ്പിക്കേണ്ട ആമിനുമ്മക്കും കുടുംബത്തിനും വെയ്ലൂർ വില്ലേജിൽ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട ഫയലിൽ കളക്ടറേറ്റിൽ നിന്നുള്ള തീരുമാനം സംബന്ധിച്ച്. **(നടപടി: ഡെ.കളക്ടർ (എൽ.ആർ))**
3. പെരുമാതുറദേശത്തെ റീ–സർവ്വെ വേഗത്തിൽ നടപ്പാക്കുന്നത് സംബന്ധിച്ച്. **(നടപടി: ഡെ.കളക്ടർ(എൽ.ആർ))**
4. വെയ്ലൂർ വില്ലേജിൽ ഭൂരഹിതർക്ക് ഭൂമി നൽകിയെങ്കിലും ഈ ഭൂമിയിലേക്ക് പ്രവേശിക്കാൻ വഴിയില്ലാത്ത അവസ്ഥയ്ക്ക് പരിഹാരമുണ്ടാകാനുള്ള നടപടി സംബന്ധിച്ച്. **(നടപടി: ഡെ.കളക്ടർ (എൽ.ആർ))**
5. ചിറയിൻകീഴ് വില്ലേജിനുവേണ്ടി താമരക്കുളത്തിനു സമീപം 10 കൊല്ലം മുൻപ് പി.ഡബ്ല്യൂ.ഡി കെട്ടിടം നിർമ്മിച്ചുവെങ്കിലും റവന്യൂ വകുപ്പിൽ നിന്നും നടപടിയൊന്നും ഉണ്ടായില്ല. അടിയന്തിരമായി ചിറയിൻകീഴ് വില്ലേജ് ഓഫീസ് താമരക്കുളത്തിനു സമീപമുള്ള കെട്ടിടത്തിലേയ്ക്ക് മാറ്റണമെന്ന ആവശ്യവും ഇളമ്പക്ക് നിർമ്മിച്ച പുതിയ കെട്ടിടത്തിലേക്ക് വില്ലേജ് ഓഫീസ് മാറ്റണമെന്നാവശ്യത്തിലെ തുടർ നടപടി. **(നടപടി: ഇ.ഇ.പി.ഡബ്ല്യൂ.ഡി ബിൽഡിംഗ്സ്)**
6. ശ്യംങ്കാരതോപ്പ് മേഖലയിൽ പുലിമുട്ട് സ്ഥാപിക്കുന്നത് സംബന്ധിച്ച നിലവിലെ സ്ഥിതി. **(നടപടി: ഇ.ഇ. ഹാർബർ എഞ്ചിനിയർ)**

### ബഹു.എം.എൽ.എ ശ്രീ.ഡി.കെ.മുരളിയുടെ പ്രതിനിധി ശ്രീ.എം.ഐ.പ്യാരേലാൽ, ഉന്നയിച്ച വിഷയങ്ങൾ

7. കെ.എസ്.ആർ.ടി.സി അഗ്രി. ഫാം ബസ് ജില്ലാ കൃഷിത്തോട്ടം വരെ നീട്ടണം. വാമനപുരം ബ്ലോക്ക് ഓഫീസ്, വാമനപുരം ജംഗ്ഷൻ എന്നിവിടങ്ങളിൽ ലിമിറ്റഡ് ബസ്സിന് സ്റ്റോപ്പ് വേണം. വെഞ്ഞാറമൂട് – നാഗരുകുഴി – പാലാംകോണം–വെമ്പായം വഴി നേരത്തെയുണ്ടായിരുന്ന തിരുവനന്തപുരം ബസ് സർവ്വീസ് പുനരാരംഭിക്കണം. **(നടപടി: ഡി.റ്റി.ഒ, കെ.എസ്.ആർ.ടി.സി)**
8. കല്ലറ പഞ്ചായത്തിലെ ആനകുളം പ്രദേശത്തുള്ള കുറച്ച് വീടുകൾ കുറുപുഴ വില്ലേജിലും അരുവിപ്പുറം പ്രദേശത്ത് പുല്ലമ്പാറ വില്ലേജിലുമായി മാറികിടക്കുന്നു. ഇവ കല്ലറ വില്ലേജിൽ ഉൾപ്പെടുത്തണം. **(നടപടി: ഡെ.കളക്ടർ (എൽ.ആർ))**
9. പെരിങ്ങമ്മല വില്ലേജിൽ പാലോട് മടത്തറ റോഡിൽ ഗവ. ആയുർവേദ ആശുപത്രിയുടെ സമീപത്തു നിന്നും മുകളിലേയ്ക്ക് പോകുന്ന റോഡിൽ സർവ്വേ നമ്പർ 3752/3 (റീസർവ്വെ നം. 251/9) ൽപ്പെട്ട പുറമ്പോക്ക് സ്ഥലം ഒഴിപ്പിച്ച് വഴി സ്ഥാപിക്കുന്നതിന് ടി സ്ഥലത്തെ റീസർവ്വെ നടപടികൾ അടിയന്തിരമായി സ്വീകരിക്കണമെന്ന ആവശ്യത്തിൻമേൽ തുടർ നടപടി. **(നടപടി: ഡെ.കളക്ടർ (എൽ.ആർ))**
10. ചെല്ലഞ്ചിപാലം നിർമ്മാണ പ്രവർത്തനങ്ങളിൽ സ്ഥലം നഷ്ടപ്പെട്ടവരുടെ ഭൂമിയുടെ അതിർത്തി തർക്കം പരിഹരിക്കുന്നതിന് അളന്ന് റീഫിക്സ് ചെയ്യണമെന്ന ആവശ്യം. നിർമ്മാണപ്രവർത്തനങ്ങളിൽ സ്ഥലം നഷ്ടപ്പെട്ടവർക്ക് നഷ്ടപരിഹാരം നൽകുന്നത് സംബന്ധിച്ച തുടർ നടപടി **(നടപടി: ഡെ.കളക്ടർ (എൽ.ആർ), ഇ.ഇ.പി.ഡബ്ല്യൂ.ഡി റോഡ്സ്)**
11. പുല്ലമ്പാറ വാട്ടർ ലൈൻ ദീർഘിപ്പിക്കുന്നത് സംബന്ധിച്ച നിലവിലെ സ്ഥിതി. **(നടപടി: ഇ.ഇ. കേരള വാട്ടർ അതോറിറ്റി, പ്രോജക്ട് ഡിവിഷൻ, തിരുവനന്തപുരം))**
12. നന്ദിയോട് വാട്ടർ പ്യൂരിഫയർ പ്ലാന്റിന് വേണ്ടി ആലുംകുഴിയിലും കൈതക്കാട്, ചുള്ളിമാനൂർ എന്നിവിടങ്ങളിൽ പഞ്ചായത്ത് സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച പ്രവൃത്തിയുടെ നിലവിലെ സ്ഥിതി. **(നടപടി: ഇ.ഇ. കേരള വാട്ടർ അതോറിറ്റി, പ്രോജക്ട് ഡിവിഷൻ, ഡെ.ഡയറക്ടർ ഓഫ് പഞ്ചായത്ത്)**

### ബഹു.എം.എൽ.എ ശ്രീ.കെ മുരളീധരന്റെ പ്രതിനിധി ശ്രീ.ആർ.ശ്രീലാൽ ഉന്നയിച്ച വിഷയങ്ങൾ

13. അമ്പലമുക്ക്– പേരൂർക്കട, അമ്പലമുക്ക്– പൈപ്പ് ലൈൻ റോഡ് തുടങ്ങിയ സ്ഥലങ്ങളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിന് അടിയന്തിര നടപടി **(നടപടി: ഇ.ഇ.കേരള വാട്ടർ അതോറിറ്റി, അരുവിക്കര)**
14. പെപ്പിൻമൂട്– മണ്ണാമ്മൂല റോഡിൽ മാലിന്യം നിക്ഷേപിക്കുന്നത് തടയുന്നതിന് അടിയന്തിര നടപടി **(നടപടി: സെക്രട്ടറി, തിരുവനന്തപുരം നഗരസഭ)**

15. അടുപ്പുകൂട്ടാൻപാറ റോഡ് നവീകരണത്തിനായി ആസ്തി വികസന ഫണ്ടിൽ നിന്നും തുക അനുവദിച്ച് ഭരണാനുമതി ലഭിച്ചുവെങ്കിലും തുടർ നടപടി സ്വീകരിച്ചിട്ടില്ല. ഇക്കാര്യത്തിൽ അടിയന്തിര നടപടി. **(നടപടി: ഇ.ഇ. പി.ഡബ്ല്യു.ഡി റോഡ്സ്)**
16. കുലശേഖരം പാലവുമായി ബന്ധപ്പെട്ട ഭൂമി ഏറ്റെടുക്കുന്നതിനായി നേരിട്ട് ഡോക്യുമെന്റ് രജിസ്റ്റർ ചെയ്ത് സ്ഥലം ഉടമകളിൽ നിന്നും സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച പ്രവർത്തനത്തിന്റെ നിലവിലെ അവസ്ഥ. **(നടപടി: ഇ.ഇ.പി.ഡബ്ല്യു.ഡി റോഡ്സ്)**
17. തേക്കുംമൂട് – പ്ലാമൂട് റോഡ് സൈഡ് ഓട വൃത്തിയാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം. **(നടപടി: ഇ.ഇ.പി.ഡബ്ല്യു.ഡി (റോഡ്സ്))**
18. കാച്ചാണി വാർഡിൽ മലമുകൾ–കടുവാക്കുഴി–വട്ടത്തിൽമൂല റോഡ് നവീകരണത്തിനായി ആസ്തി വികസന ഫണ്ടിൽ നിന്നും തുക അനുവദിച്ച് ഭരണാനുമതി ലഭിച്ചുവെങ്കിലും ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിച്ചില്ല. ആയത് അടിയന്തിരമായി പൂർത്തീകരിക്കാൻ നടപടി. **(നടപടി: ഇ.ഇ. പി.ഡബ്ല്യു.ഡി റോഡ്സ്)**
19. കേദാരം ലൈൻ റോഡ് നവീകരണത്തിനായി ആസ്തിവികസന ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നതിനായി ഡി.പി.ആർ തയ്യാറാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടും 8 മാസമായി യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല. ആയത് അടിയന്തിരമായി സർക്കാരിൽ സമർപ്പിക്കേണ്ടതാണ്. **(നടപടി: ഇ.ഇ. പി.ഡബ്ല്യു.ഡി. റോഡ്സ്)**
20. പേരൂർക്കട ഗവ. എച്ച്.എസ്.എൽ.പി.എസ് സ്കൂളിലെ താൽക്കാലിക കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭിച്ചു. ഇക്കാര്യത്തിൽ സാങ്കേതികാനുമതി ലഭിക്കുന്നതുമായി ബന്ധപ്പെട്ട ഫയൽ എക്സി. എഞ്ചിനീയർ പൊതുമരാമത്ത് കെട്ടിടവിഭാഗത്തിൽ പെന്റിംഗിലാണ്. ആയതിന് സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി. **(നടപടി: ഇ.ഇ. പി.ഡബ്ല്യു.ഡി ബിൽഡിംഗ്സ്)**
21. തിരുവനന്തപുരം കളക്ടറേറ്റിൽ ആസ്തി വികസന ഫണ്ടിൽ നിന്നും തുക ചെലവഴിച്ച് ഒരു പബ്ലിക് അമിനിറ്റീസ് സെന്റർ സ്ഥാപിക്കുന്നതിന് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും പി.ഡബ്ല്യു.ഡി. ബിൽഡിംഗ് സെക്ഷനിൽ നിന്നും നാളിതുവരെ ഡി.പി.ആർ സർക്കാരിന് സമർപ്പിച്ചിട്ടില്ല. അടിയന്തിരമായി ഡി.പി.ആർ സർക്കാരിന് സമർപ്പിക്കാൻ നടപടി. **(നടപടി: ഇ.ഇ.പി.ഡബ്ല്യു.ഡി ബിൽഡിംഗ്സ്)**
22. പട്ടം വില്ലേജിൽ ബ്ലോക്ക് നമ്പർ ബ്ലോക്ക് നമ്പർ 17 ൽ സർവ്വെ നമ്പർ 58, റീസർവ്വെ നമ്പർ. 70 ൽ പ്പെട്ട വസ്തുവിന്റെ സർവ്വെ നടത്തി. കരം ഒടുക്കാൻ അനുമതി നൽകിയിട്ടില്ല. രണ്ടു വർഷത്തോളമായ ഈ കേസിൽ അടിയന്തിരമായി തീർപ്പു കൽപ്പിക്കാൻ നടപടി. **(നടപടി: ഡെ.കളക്ടർ (എൽ.ആർ))**
23. പേരൂർക്കട – മണ്ണന്തല റോഡിനെയും വഴയില – കല്ലയം റോഡിനെയും ബന്ധിപ്പിച്ച് കൊണ്ട് സിവിൽസ്റ്റേഷന് അകത്ത് കൂടെ റോഡ് നിർമ്മിക്കുന്ന ഒരു പ്രൊപ്പോസൽ ഉണ്ട്. എന്നാൽ ഇതിനെ ലാന്റ് ട്രാൻസ്ഫർ നടപടി ഇതുവരെ സ്വീകരിച്ചിട്ടില്ല. തുടർ നടപടി. **(നടപടി: ഡെ.കളക്ടർ (എൽ.ആർ))**
24. കുന്നുകുഴി പൂച്ചെടിവിളയിൽ സ്വീവേജ് പൈപ്പ്ലൈൻ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട വർക്ക് അടിയന്തിരമായി തുടങ്ങാൻ നടപടി. **(നടപടി: ഇ.ഇ. കേരള വാട്ടർ അതോറിറ്റി, സ്വിവറേജ് ഡിവിഷൻ)**
25. മരുതംകുഴി പാലം മുതൽ തൊഴുവൻകോട് അമ്പലം വരെയുള്ള ബണ്ട് നിർമ്മാണത്തിന്റെ രണ്ടാം ഘട്ടം പൂർത്തിയാക്കൽ ഹീര ഫ്ളാറ്റ് മുതൽ മണ്ണാമ്മൂല പാലം വരെയും തുടർന്ന് തൊഴുവൻകോട് അമ്പലം വരെയും കിള്ളിയാറിന്റെ സൈഡ് വാൾ കെട്ടുന്നതിനും ബണ്ട് നിർമ്മിക്കുന്നതിനും അടിയന്തിര നടപടി. **(നടപടി: ഇ.ഇ. മേജർ ഇറിഗേഷൻ)**
26. മൂന്നാംമൂട് വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന മൃഗാശുപത്രി പഴയ ബ്ലോക്ക് ഓഫീസിനോട് ചേർന്നുള്ള സ്വന്തം കെട്ടിടത്തിലേക്ക് മാറ്റുന്നതിന് അടിയന്തിര നടപടി. **(നടപടി: ജില്ലാ മൃഗസംരക്ഷണ ഓഫീസർ)**
27. വട്ടിയൂർക്കാവ് ജംഗ്ഷൻ വികസനവുമായി ബന്ധപ്പെട്ട് സർക്കാരിലേക്ക് സമർപ്പിച്ച അപേക്ഷയിൽമേലുള്ള നിലവിലെ സ്ഥിതി. **(നടപടി: സെക്രട്ടറി, ട്രിഡ)**
28. മെഡിക്കൽകോളേജ് ബസ് സ്റ്റാന്റിൽ കയറുന്ന ഭാഗത്ത് അപകടങ്ങൾ ഒഴിവാക്കുന്നതിന് റോഡിൽ ഹമ്പ് സ്ഥാപിക്കുന്നതിന് വേണ്ട നടപടി. **(നടപടി: സെക്രട്ടറി, ട്രിഡ)**

**ബഹു. എം.എൽ.എ അഡ്വ.ബി.സത്യന്റെ പ്രതിനിധി ശ്രീ.ഡി.ആർ. വിനുരാജ് ഉന്നയിച്ച വിഷയങ്ങൾ**

29. ആറ്റിങ്ങൽ ദേശീയപാത നാലുവരിയാക്കൽ – റവന്യൂ ഭൂമി വിട്ടു കിട്ടുന്നതിനുള്ള നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തൽ – നടപടി വിശദമാക്കണം. **(നടപടി: ഡെ.കളക്ടർ (എൽ.എ), ഡെ.കളക്ടർ (എൽ.ആർ), ഇ.ഇ.പി.ഡബ്ല്യു.ഡി (റോഡ്സ്) എൻ.എച്ച് ഡിവിഷൻ))**
30. പുളിമാത്ത്, നഗരൂർ, കരവാരം സമഗ്ര കുടിവെള്ള പദ്ധതി – വാമനപുരം ആനാകുടിയിൽ പമ്പ്ഹൗസ് സ്ഥാപിക്കുന്നതിന് 25 സെന്റ് സ്ഥലം അനുവദിക്കുന്നതിന് കേരള ജല അതോറിറ്റി നം.കെ.ഡബ്ല്യു.എ/പി.ഡി.റ്റി/ഡി.ബി1/281/2015 തീയതി 17.03.2017 പ്രകാരം നെടുമങ്ങാട് തഹസ്സിൽദാർ അടിയന്തിര നടപടി കൈകൊള്ളണം. **(നടപടി: ഡെ.കളക്ടർ (എൽ.ആർ))**
31. തീരദേശ പഞ്ചായത്തുകളായ വക്കത്തെയും അഞ്ചുതെങ്ങിനെയും തമ്മിൽ ബന്ധിപ്പിക്കുന്ന വക്കം–കായിക്കര പാലത്തിന്റെ അപ്രോച്ച് റോഡിന് സ്ഥലം ഏറ്റെടുക്കൽ ഏതു ഘട്ടത്തിലായി. **(നടപടി: ഇ.ഇ. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്)**
32. കിളിമാനൂരിൽ എക്സൈസിന് റേഞ്ച് ഓഫീസിന് കെട്ടിടം നിർമ്മിക്കുവാൻ ഭൂമി വിട്ടുനൽകുന്നത് സംബന്ധിച്ച് പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്ത് കമ്മിറ്റി പ്രമേയം പാസാക്കി എക്സൈസ് വകുപ്പിന് കൈമാറിയിട്ടുണ്ട്. പ്രസ്തുത ഭൂമി എക്സൈസ് വകുപ്പിന്റെ ഉടമസ്ഥതയിലാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം. **(നടപടി: ഡെ.എക്സൈസ് കമ്മീഷണർ)**
33. വർക്കല താലൂക്കിലെ മണമ്പൂർ വില്ലേജിൽ തൈവിളാകം പ്രദേശത്ത് കുറച്ച് കുടുംബങ്ങൾക്ക് റീസർവ്വേയിൽ പുറമ്പോക്കെന്ന് രേഖപ്പെടുത്തിയിരിക്കുന്നതിനാൽ പട്ടയം ലഭിച്ച വസ്തുവിന്റെ കരം തീർക്കാൻ കഴിയാത്ത അവസ്ഥയുള്ളതായിട്ടുണ്ട്. ആയത് സംബന്ധിച്ച് ലാന്റ് ബോർഡ് സെക്രട്ടറിക്ക് നൽകിയ കത്തിൻമേലുള്ള നടപടി. **(നടപടി: ഡെ.കളക്ടർ (എൽ.ആർ))**
34. സ്വയംപര്യാപ്ത പട്ടികജാതി ഗ്രാമം പദ്ധതിയിലുൾപ്പെടുത്തി നവീകരണം ആരംഭിച്ച കിളിമാനൂർ ഗ്രാമപഞ്ചായത്തിലെ തോപ്പിൽ കോളനി, നഗരൂർ ഗ്രാമപഞ്ചായത്തിലെ ഇടവനക്കോണം കോളനികളിലെ നിർമ്മാണ പ്രവർത്തനം അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾ ചർച്ച ചെയ്ത്

എത്രയും വേഗം നടപടി സ്വീകരിക്കാൻ ബഹു. അദ്ധ്യക്ഷൻ നിർദ്ദേശം നൽകി. **(നടപടി: പ്രോജക്ട് ഓഫീസർ, ജില്ലാ നിർമ്മിതി കേന്ദ്രം, ജില്ലാപട്ടികജാതി വികസന ഓഫീസർ)**

35. പഴയകുന്നുമ്മേൽ പഞ്ചായത്തിലെ 53-ാം നമ്പർ അംഗൻവാടി നിർമ്മാണവുമായി ബന്ധപ്പെട്ട് പ്രാദേശിക നിരീക്ഷണ സമിതി കൂടുന്നതിനായി തുടർ നടപടി സ്വീകരിക്കുവാൻ ബഹു. അദ്ധ്യക്ഷൻ ഡെ.ഡയറക്ടർ ഓഫ് പഞ്ചായത്തിനെ ചുമതലപ്പെടുത്തി. നിലവിലെ സ്ഥിതി **(നടപടി: ഡെ.ഡയറക്ടർ ഓഫ് പഞ്ചായത്ത്)**

**<u>ബഹു. എം.എൽ.എ അഡ്വ.വി.ജോയിയുടെ പ്രതിനിധി ശ്രീ.വി.മദനകുമാർ ഉന്നയിച്ച വിഷയങ്ങൾ</u>**

36. നാവായിക്കുളം ഗ്രാമപഞ്ചായത്തിലെ നാവായിക്കുളം കിഴക്കേനട തൂമ്പോട് റോഡിന്റെ തുടക്കം വലതു വശം പഞ്ചായത്ത് റോഡിലുള്ള പോസ്റ്റ് (നം. കെ/എൻ.കെ 2/3, 2/4) യാത്രക്കാർക്കും വാഹന ഗതാഗതത്തിനും തടസ്സം സൃഷ്ടിക്കുന്നുണ്ട്. പ്രസ്തുത ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിനും ഗതാഗതം സുഗമമാക്കുന്നതിനും നടപടി സ്വീകരിക്കുക. **(നടപടി: ഇ.ഇ. കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ ഡിവിഷൻ(ആറ്റിങ്ങൽ))**
37. വർക്കല താലൂക്ക് ആശുപത്രിയിലെ ഡോക്ടർമാരുടെ തസ്തികയിലെ ഒഴിവുകൾ അടിയന്തിരമായി നികത്തുക. **(നടപടി: ജില്ലാമെഡിക്കൽ ഓഫീസർ (ആരോഗ്യം))**
38. വർക്കല മണ്ഡലത്തിലെ വില്ലേജ് ഓഫീസുകളിലെ ഒഴിവുകൾ അടിയന്തിരമായി നിയമനം നടത്തുക. **(നടപടി: ഡെ.കളക്ടർ (ജനറൽ))**
39. ഇടവ വില്ലേജിൽ കാൽക്കൂട്ടംവിള വീട്ടിൽ ഭവാനി മകൾ സരോജിനിയുടെ സർവ്വെ നമ്പർ 433/12 തണ്ടപ്പേര് നം. 612 സർവ്വെ നമ്പർ 434/10 തണ്ടപ്പേര് നം. 6160 ലുള്ള കൈവശമുള്ള ഭൂമി പട്ടയം ലഭിക്കുന്നതിന് സമർപ്പിച്ച അപേക്ഷയിൽ അടിയന്തിര നടപടി സ്വീകരിക്കുക. (കളക്ടറേറ്റിലെ ഫയൽ നമ്പർ 05.40167/1567) **(നടപടി: ഡെ.കളക്ടർ (എൽ.ആർ))**
40. വർക്കല മണ്ഡലത്തിലെ അയിരൂർ വില്ലേജിൽ ബ്ലോക്ക് നമ്പർ 3 ൽ റീസർവ്വെ നമ്പർ 293/5 ൽ ഉൾപ്പെട്ട ഒരു ഏക്കർ ഭൂമിയിൽ നിന്നും 10 സെന്റ് 2001 – ൽ ശ്രീ. ദേവരാജൻ എന്ന പൊതുപ്രവർത്തകൻ ഹെൽത്ത് സബ് സെന്റർ സ്ഥാപിക്കുന്നതിന് വിട്ട് നൽകിയിരുന്നു. ആയത് സർക്കാർ ഭൂമിയായി ഏറ്റെടുക്കുന്നതിനുള്ള നടപടി 16 വർഷമായിട്ടും പൂർത്തിയായിട്ടില്ല. ആയത് എത്ര വർഷം കൊണ്ട് സർക്കാർ ഭൂമിയാക്കി മാറ്റും. അടിയന്തിര നടപടി സ്വീകരിക്കണമെന്ന ആവശ്യം. **(നടപടി: ആർ.ഡി.ഒ)**
41. വർക്കല ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട അലൈൻമെന്റ് സ്കെച്ച് അംഗീകരിക്കുന്നത് സംബന്ധിച്ച നിലവിലെ സ്ഥിതി. **(നടപടി: സെക്രട്ടറി, വർക്കല മുനിസിപ്പാലിറ്റി, ഇ.ഇ. പി.ഡബ്ല്യു.ഡി റോഡ്സ്)**

**<u>മുൻ ജില്ലാവികസന സമിതി യോഗത്തിൽ പരാമർശിക്കപ്പെട്ട വിഷയങ്ങളിൽ തുടർനടപടി സ്വീകരിക്കേണ്ടവ</u>**

**<u>ബഹു. എം.എൽ.എ ശ്രീ.സി.ദിവാകരൻ ഉന്നയിച്ച വിഷയങ്ങൾ</u>**

42. തിരുവനന്തപുരം ജില്ലയിൽ ഇപ്പോൾ ഉപയോഗശൂന്യമായി കിടക്കുന്ന എല്ലാ കുളങ്ങളും ശുദ്ധീകരിച്ച് ജലദൗർല്ലഭ്യം നേരിടുന്ന സ്ഥലങ്ങളിൽ ജലവിതരണത്തിനായി ഉപയോഗപ്പെടുത്തണം. **(നടപടി: ഡെ.കളക്ടർ (ഡി.എം), ഇ.ഇ. മൈനർ ഇറിഗേഷൻ)**
43. കണിയാപുരത്ത് കെ.എസ്.ആർ.ടി.സി ഗ്യാരേജ് പണിയുന്നതിനായി 30 ലക്ഷം രൂപ അനുവദിച്ചിരുന്നു. ആയത് സംബന്ധിച്ച പ്രവർത്തന പുരോഗതി. **(നടപടി: ഡി.റ്റി.ഒ, കെ.എസ്.ആർ.ടി.സി)**
44. സ്കൂളുകളിൽ ലഹരി മരുന്നുകളുടെ വില്പന അതിരൂക്ഷമായി വർദ്ധിച്ചിരിക്കുന്നു. വില്പന തടയുന്നതിനായി പോലീസ്, എക്സൈസ്, ആന്റി നാർക്കോട്ടിക് സെൽ എന്നീ വകുപ്പുകൾ ചേർന്ന് സ്പെഷ്യൽ സ്ക്വാഡുകൾ രൂപീകരിക്കണം. സ്കൂളുകളിൽ പി.റ്റി.എ യും സ്ഥലത്തെ റസിഡന്റ്ഷ്യൽ അസോസിയേഷനും, പഞ്ചായത്തും, കോർപ്പറേഷനും ചേർന്ന് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കണം. ഗ്രാമപ്രദേശങ്ങൾ, എസ്.സി/എസ്.ടി കോളനികൾ എന്നിവിടങ്ങളിൽ പ്രത്യേക ക്യാമ്പെയിനുകൾ സംഘടിപ്പിക്കണം. **(നടപടി: ജില്ലാ പോലീസ് മേധാവി (റൂറൽ), ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ, ഡെ.ഡയറക്ടർ, വിദ്യാഭ്യാസം, ഡെ.ഡയറക്ടർ ഓഫ് പഞ്ചായത്ത്)**
45. പൊതുജനങ്ങൾക്കിടയിൽ ലഹരി മരുന്നുകളുടെ ഉപയോഗത്തിനെതിരെ ബോധവൽക്കരണം നടത്തുന്നതിനായി അവയുടെ ഉപയോഗം മൂലം ഉണ്ടാകുന്ന ദൂഷ്യവശങ്ങൾ, തകരുന്ന കുടുംബ ബന്ധങ്ങൾ, എന്നിവ വിശദമായി ചിത്രീകരിക്കുന്ന ഒരു ഡോക്യുമെന്ററി നിർമ്മിക്കണം. **(നടപടി: ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ)**
46. നെടുമങ്ങാട് മേഖലയിൽ എസ്.സി/എസ്.റ്റി കോളനികളിൽ വാട്ടർ അതോറിറ്റിയുടെ കുടിവെള്ള വിതരണം ശരിയായ രീതിയിലല്ല നടക്കുന്നത്. അവ പരിഹരിക്കുന്നതിനായി രൂപം നൽകിയ പദ്ധതിയുടെ നിലവിലെ സ്ഥിതി. **(നടപടി: ഇ.ഇ. കേരള വാട്ടർ അതോറിറ്റി, അരുവിക്കര)**
47. കണക്കോട് മൊട്ടമൂട് മദപുരം ചീരാണിക്കര എന്നീ പ്രദേശങ്ങളിൽ കുടിവെള്ള കണക്ഷൻ നൽകുന്നതിലേക്ക് സമർപ്പിച്ച 80 ലക്ഷം രൂപയുടെ പ്രോജക്ടിന്റെ നിലവിലെ അവസ്ഥ. **(നടപടി: ഇ.ഇ. കേരള വാട്ടർ അതോറിറ്റി, അരുവിക്കര)**
48. കരകുളം പഞ്ചായത്തിൽ കരയാളത്തുകോണം, ചിറ്റാഴ, കുമ്മി തുടങ്ങിയ ഉയർന്ന ഭാഗങ്ങളിൽ കുടിവെള്ളം ലഭ്യമല്ല. കുമ്മിയിൽ നിലവിലുള്ള ടാങ്ക് (10 എം.എൽ.ഡി കപ്പാസിറ്റി) ൽ നിന്നും പമ്പ് ചെയ്തു കല്ലയം ടാങ്കിൽ നിന്നാണ് വിതരണം നടത്തുന്നത്. 10 എം.എൽ.ഡി എന്നുള്ള പമ്പ് വർദ്ധിപ്പിച്ച് 20 എം.എൽ.ഡി ആക്കിയെങ്കിൽ മാത്രമേ പ്രശ്നം പരിഹരിക്കാൻ കഴിയുള്ളൂ. ആയത് സംബന്ധിച്ച തുടർ നടപടി. **(നടപടി: ഇ.ഇ, കേരള വാട്ടർ അതോറിറ്റി, പ്രോജക്ട് ഡിവിഷൻ, ഇ.ഇ, കേരള വാട്ടർ അതോറിറ്റി, അരുവിക്കര)**
49. വാട്ടർ അതോറിറ്റി നടപ്പിലാക്കി കൊണ്ടിരിക്കുന്ന ആനതാഴ്ച്ചിറ കുളത്തിന്റെ പുനരുദ്ധാരണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി. **(നടപടി: ഇ.ഇ. കേരള വാട്ടർ അതോറിറ്റി, പ്രോജക്ട് ഡിവിഷൻ)**
50. 2014 ൽ തയ്യാറാക്കിയ ജലവിതരണത്തിനായുള്ള ആഗ്മെന്റേഷൻ പ്രൊപ്പോസലിന് മേൽ അടിയന്തിര നടപടി സ്വീകരിക്കണം. **(നടപടി: ഇ.ഇ. കേരള വാട്ടർ അതോറിറ്റി, പ്രോജക്ട് ഡിവിഷൻ)**
51. ജലനിധി പദ്ധതി ശരിയായ രീതിയിൽ ജനങ്ങൾക്ക് ഉപകാരപ്പെടുന്നില്ല. പദ്ധതിയുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിന് നല്ല സംവിധാനമില്ല. പണമടച്ചാൽ പോലും വെള്ളം കിട്ടുന്നില്ല. പരിഹരിക്കണം. **(നടപടി: ജില്ലാഓഫീസർ, ജലനിധി)**

52. നെടുമങ്ങാട് മേഖലയിൽ പ്രവർത്തിക്കുന്ന അനധികൃത ക്വാറികൾക്കെതിരെ പോലീസും, റവന്യൂവും, മൈനിംഗ്& ജിയോളജിയും ചേർന്ന് ഒരുമിച്ച് പ്രവർത്തിക്കണം. സ്ക്വാഡുകൾ രൂപീകരിച്ച് നിരന്തരം അന്വേഷണം നടത്തണം. ആയത് സംബന്ധിച്ച് ജിയോളജി വകുപ്പ് കൺവീനറായി നെടുമങ്ങാട് മേഖലയിൽ പ്രത്യേക ശ്രദ്ധ കേന്ദ്രീകരിച്ച് അടിയന്തിര യോഗം കൂടണമെന്ന് ബഹു. അദ്ധ്യക്ഷൻ നിർദ്ദേശം നൽകി. തുടർ നടപടി. **(നടപടി: ഇ.ഇ. മൈനിംഗ് & ജിയോളജി)**
53. 2016 മഴക്കാലത്ത് മാണിക്കൽ പഞ്ചായത്തിലെ പിരപ്പൻകോട് മുത്താരമ്മൻ ക്ഷേത്രത്തിന് സമീപം പുറമ്പോക്കിൽ അപകടാവസ്ഥയിൽ ക്ഷേത്രത്തിനും സമീപ വീടുകൾക്കും ഭീഷണിയായി നിൽക്കുന്ന മരം മുറിക്കുന്നതിനുള്ള തുടർ നടപടി. **(നടപടി: ഇ.ഇ.പി.ഡബ്ല്യു.ഡി (റോഡ്സ്), സോഷ്യൽ ഫോറസ്റ്ററി വകുപ്പ്)**

**ബഹു. ലോകസഭാംഗം ശ്രീ. എ.സമ്പത്തിന്റെ പ്രതിനിധി ശ്രീ.ജാഹിർ ഹുസൈൻ ഉന്നയിച്ച വിഷയങ്ങൾ**

54. ചിറയിൻകീഴ് വാമനപുരം നദിയിൽ ഒരു ഡാം കെട്ടുന്നത് സംബന്ധിച്ച സാധ്യത പരിശോധിക്കുക. **(നടപടി: ഇ.ഇ. മേജർ ഇറിഗേഷൻ)**
55. മുതലപ്പൊഴി ഹാർബർ നിർമ്മാണത്തിന്റെ ഭാഗമായി വടക്കുഭാഗത്തുള്ള പ്രദേശത്ത് താമസിക്കുന്ന ജനങ്ങൾക്ക് കടൽക്ഷോഭംമൂലം കരയും വീടും നഷ്ടപ്പെടുന്ന സ്ഥിതിയാണ്. പുലിമുട്ടുകൾ സ്ഥാപിക്കുന്നതിനായുള്ള സി.ഡബ്ല്യു.പി.ആർ.എസ് ന്റെ സ്റ്റഡി റിപ്പോർട്ട് ലഭിക്കുന്നത് സംബന്ധിച്ച നിലവിലെ സ്ഥിതി. **(നടപടി: ഇ.ഇ. മേജർ ഇറിഗേഷൻ)**
56. ചിറയിൻകീഴ് ഗ്രാമപഞ്ചായത്തിലെ മത്സ്യത്തൊഴിലാളികൾ തിങ്ങി പാർക്കുന്ന പ്രദേശത്തെ ബീച്ച് റോഡ് – കണ്ണാട്ട്തോപ്പ് കടവ് റോഡ്, തെക്കേ അരയതുരുത്തി – ഫാത്തിമ കോൺവെന്റ് – കൊച്ചുതോപ്പ് റോഡ്, ആൾസെയിൻസ് ചർച്ച് – പള്ളി വടക്കതിൽ റോഡ് എന്നീ റോഡുകൾ ഗതാഗതയോഗ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. **(നടപടി: ഇ.ഇ.ഹാർബർ എഞ്ചിനീയറിംഗ്)**
57. പള്ളിപ്പുറം ജംഗ്ഷനിൽ (തോന്നൽ ക്ഷേത്രം) ദിനം പ്രതി അപകടങ്ങൾ നടക്കുന്നു. പ്രദേശവാസികൾ ഭീതിയിലാണ്. അടിയന്തിര പ്രാധാന്യം നൽകി സ്പീഡ് ബ്രേക്കറും ട്രാഫിക് സിസ്റ്റവും സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് സ്റ്റേറ്റ് പോലീസ് ചീഫിന് സമർപ്പിച്ച കത്തിൻമേലുള്ള തുടർ നടപടി. **(നടപടി: ഇ.ഇ. പി.ഡബ്ല്യു.ഡി. എൻ.എച്ച് ഡിവിഷൻ)**

**ബഹു. ലോകസഭാംഗം ശ്രീ.ശശിതരൂരിന്റെ പ്രതിനിധി ശ്രീ. ജ്യോതിഷ്.എം.എസ് ഉന്നയിച്ച വിഷയങ്ങൾ**

58. വിഴിഞ്ഞം ഭാഗത്ത് മഴക്കാലമെത്തുന്നതിന് മുൻപ് തന്നെ ശുചീകരണ പ്രവർത്തനങ്ങൾ നടത്തണം. കഴിഞ്ഞ വർഷത്തെപ്പോലെ ആരോഗ്യം/ കോർപ്പറേഷൻ/ കെ.എസ്.ഇ.ബി/ വാട്ടർഅതോറിറ്റി/പോലീസ് സേന തുടങ്ങിയവരുടെ സഹകരണത്തോടെ ബന്ധപ്പെട്ട പ്രവർത്തനം നടത്തണം. വിഴിഞ്ഞം ഹാർബറിനകത്ത് സ്ഥാപിച്ചിട്ടുള്ള 5 ഹൈമാസ്റ്റ് ലൈറ്റുകൾ പ്രവർത്തനരഹിതമാണ്. പ്രസ്തുത ലൈറ്റുകൾ പ്രവർത്തന ക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. **(നടപടി: സെക്രട്ടറി, തിരുവനന്തപുരം കോർപ്പറേഷൻ)**
59. കോ–ഓർഡിനേഷൻ ഓഫ് തമലം റസിഡൻസ് അസോസിയേഷൻ അടിയന്തിര പ്രാധാന്യം നൽകി പരിഹരിക്കണമെന്ന് ആവശ്യപ്പെട്ട താഴെ പറയുന്ന വിഷയങ്ങളുടെ നിലവിലെ അവസ്ഥ.
    1. പാപ്പനംകോട് കെ.എസ്.ആർ.ടി.സി ഗ്യാരേജിനോടും കരമന കളിയിക്കാവിള ദേശീയപാതയിൽ പാപ്പനംകോട് ജംഗ്ഷനിൽ പാപ്പനംകോട് പാറയിൽകടവ് തമലം റോഡിന്റെ വലതുഭാഗത്തുള്ള ആട്ടോസ്റ്റാന്റു മാറ്റി പകരം പാപ്പനംകോട് എസ്.സി.ടി എഞ്ചിനീയറിംഗ് കോളേജിന് എതിൽവശമുള്ള റോഡിൽ കടകൾ ഒന്നുംതന്നെയില്ലാത്ത ഭാഗത്ത് പാർക്കിംഗ് സൗകര്യം ഒരുക്കുന്നതിനുള്ള നടപടി. **(നടപടി: ആർ.റ്റി.ഒ, തിരുവനന്തപുരം)**
    2. മുടവൻമുകൾ വാർഡിൽ തമലം റോഡിന്റെ ഇരുവശങ്ങളിൽ പാർക്ക് ചെയ്യുന്ന വാഹനങ്ങൾ മാറ്റുന്നത് സംബന്ധിച്ച്. **(നടപടി: സിറ്റി പോലീസ് കമ്മീഷണർ)**
    3. കുഞ്ചാലുംമൂട് ഭാഗത്ത് യാത്രക്കാർക്കും വാഹനങ്ങൾക്കും വളരെയധികം ബുദ്ധിമുട്ടുണ്ടാക്കുന്ന തരത്തിൽ സ്ഥാപിച്ചിട്ടുള്ള ഫ്ളക്സ് ബോർഡുകൾ മാറ്റുന്നതിനും, പ്രസ്തുത സ്ഥലത്ത് വാഹനതിരക്ക് നിയന്ത്രിക്കുന്നതിനായി ഒരു ട്രാഫിക് പോലീസിനെ നിയമിക്കുന്നതും സംബന്ധിച്ച്. **(നടപടി: സിറ്റി പോലീസ് കമ്മീഷണർ)**
60. വയലിക്കട ജംഗ്ഷനിൽ രാവിലെയും വൈകുന്നേരവും ഗതാഗത കുരുക്ക് അനുഭവപ്പെടുന്നു. പേരൂർക്കട – കുറവൻക്കോണം, മുട്ടട ജംഗ്ഷൻ – മുക്കോലയ്ക്കൽ ജംഗ്ഷൻ, കുറവൻക്കോണം മാർക്കറ്റ് ജംഗ്ഷൻ ഈ പ്രദേശത്തെ ഗതാഗത കുരുക്ക് ഒഴിവാക്കുന്നതിനായി മതിയായ ട്രാഫിക് പോലീസിന്റെ സേവനം ഉറപ്പാക്കണം. വയലിക്കട ജംഗ്ഷനിൽ ട്രാഫിക്ക് സിഗ്നൽ അടക്കമുള്ള സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണം. **(നടപടി: ജില്ലാപോലീസ് മേധാവി (അർബൻ & റൂറൽ))**
61. തിരുവനന്തപുരം ജില്ലയിൽ നേമം കുരുമി ചാപ്ര റോഡിൽ കല്ലിയൂർ വെള്ളായണി വാർഡിൽ 150 മീറ്റർ നീളത്തിൽ വാട്ടർ പൈപ്പ്ലൈനും, കരമന എസ്.കെ. 28 എന്ന പൊതു ടാപ്പും 2009–2010–ലെ എം.പി.ലാഡ്സ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയിരുന്നു. എന്നാൽ നിർദ്ദിഷ്ട ലൈനും പൊതു ടാപ്പും ഇപ്പോൾ പ്രവർത്തനക്ഷമമല്ല. ആയത് പ്രവർത്തനക്ഷമമാക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കണം. **(നടപടി: ഇ.ഇ. കേരള വാട്ടർ അതോറിറ്റി പി.എച്ച് ഡിവിഷൻ)**
62. കുന്നത്തുകാൽ ജലവിതരണ പദ്ധതി പൂർത്തിയാക്കുന്നതിനാവശ്യമായ നടപടികൾ സ്വികരിക്കണം. ജലസംഭരണിയുടെ നിർമ്മാണത്തിനായി നൽകിയ എസ്റ്റിമേറ്റിന്റെ നിലവിലെ സ്ഥിതി. **(നടപടി: ഇ.ഇ, കേരള വാട്ടർ അതോറിറ്റി, പ്രോജക്ട് ഡിവിഷൻ)**
63. ചാലയിൽ ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് വകുപ്പുതല ശുപാർശ നിലവിലുണ്ട്. സ്ഥല ലഭ്യത സംബന്ധിച്ച നിലവിലെ സ്ഥിതി. **(നടപടി: അസി.ഡിവിഷണൽ ഓഫീസർ, ഫയർഫോഴ്സ്)**

**ബഹു.എം.എൽ.എ ശ്രീ.കെ.എസ്. ശബരീനാഥന്റെ പ്രതിനിധി ശ്രീ.പത്മകുമാർ.എം ഉന്നയിച്ച വിഷയങ്ങൾ**

64. അരുവിക്കര നിയോജക മണ്ഡലത്തിലെ പ്രധാന പാലങ്ങളായ പൊന്നാംചുണ്ട്, പന്നിക്കുഴി, ചിറ്റാർ, സൂര്യകാന്തി, അരുവിക്കര മൂഴി, അരുവിക്കര എന്നീ പാലങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട വിവിധ ഘട്ടങ്ങളിലെ പുരോഗതി അവലോകനം സംബന്ധിച്ച്. **(നടപടി: ഇ.ഇ. പി.ഡബ്ല്യൂ.ഡി (റോഡ്സ്))**
65. അരുവിക്കര ഡാം സൈറ്റിലെ ഡി.റ്റി.പി.സി നിലയം പുനരുദ്ധീകരിക്കുന്നതിനുള്ള നടപടികൾ. **(നടപടി: സെക്രട്ടറി, ഡി.റ്റി.പി.സി)**
66. അരുവിക്കര നിയോജക മണ്ഡലത്തിലെ പൊതുമരാമത്ത് കെട്ടിടം വിഭാഗത്തിന്റെ നിർമ്മാണം നടന്നു കൊണ്ടിരിക്കുന്ന കോട്ടൂർ ഹൈസ്കൂൾ, കാട്ടാക്കട സിവിൽ സ്റ്റേഷൻ, ജി.കാർത്തികേയൻ സ്മാരക ഹയർ സെക്കണ്ടറി സ്കൂൾ, വെള്ളനാട് സിവിൽ സ്റ്റേഷൻ എന്നിവിടങ്ങളിലെ വൈദ്യുതീകരണ പ്രവർത്തികൾ സിവിൽ വർക്കുകൾ പൂർത്തിയായതിനു ശേഷവും ഇതുവരെയും തുടങ്ങിയിട്ടില്ല എന്ന ഗുരുതര സ്ഥിതി വിശേഷം അടിയന്തിരമായി പരിഹരിക്കുന്നതിനുള്ള നടപടികൾ? ഇത്തരം സാഹചര്യങ്ങൾ ഉണ്ടാകുന്നതിൽ ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്ന് വീഴ്ച സംഭവിച്ചിട്ടുണ്ടെങ്കിൽ എന്തെല്ലാം നടപടി സ്വീകരിച്ചു. **(നടപടി: ഇ.ഇ. പി.ഡബ്ല്യൂ.ഡി ബിൽഡിംഗ്സ്, ഇ.ഇ. പി.ഡബ്ല്യൂ.ഡി സ്പെഷ്യൽ ബിൽഡിംഗ്സ്, ഇ.ഇ. പി.ഡബ്ല്യൂ.ഡി ഇലക്ട്രിക്കൽ സെക്ഷൻ)**

**ബഹു.എം.എൽ.എ ശ്രീ. ഐ.ബി. സതീഷിന്റെ പ്രതിനിധി ശ്രീ. പ്രശാന്ത്. ആർ ഉന്നയിച്ച വിഷയങ്ങൾ**

67. വിളപ്പിൽശാല പോളിടെക്നിക്കിനായി കൈമാറാനുദ്ദേശിക്കുന്ന ഭൂമിയിൽ പൊതുവഴി ഉള്ളതായി കണ്ടെത്താൻ കഴിഞ്ഞിട്ടില്ലായെന്ന് വില്ലേജ്ഓഫീസറുടെ റിപ്പോർട്ടായി പറഞ്ഞിരുന്നു. ഇത് വസ്തുതാപരമാണോ എന്ന് ബഹു. ജില്ലാകളക്ടർ അന്വേഷിക്കുകയും കൃത്യത വരുത്തുകയും ചെയ്യേണ്ടതുണ്ട്. **(നടപടി: ഡെ.കളക്ടർ (എൽ.ആർ))**
68. നെയ്യാർ ഇറിഗേഷൻ പ്രോജക്ടുമായി ബന്ധപ്പെട്ട കാട്ടാക്കട പഞ്ചായത്തിലെ മംഗലയ്ക്കൽ, മാറനെല്ലൂർ പഞ്ചായത്തിലെ കൊറ്റംപള്ളി മേഖലകളിൽ കനാലിന്റെ ഇരുകരകളിലുമായി പുറമ്പോക്ക് ഭൂമിയുണ്ട്. അവ പലതും സ്വകാര്യവ്യക്തികൾ കൈയടക്കിവച്ചിരിക്കുകയാണ്. ആയത് അളന്ന് തിട്ടപ്പെടുത്തേണ്ടതാണ്. **(നടപടി: ഡെ.കളക്ടർ (എൽ.ആർ), ജില്ലാസർവ്വെ സൂപ്രണ്ട്)**
69. മഴക്കാലം ആരംഭിക്കുന്നതിനു മുന്നോടിയായി കാട്ടാക്കട പട്ടണം ഉൾപ്പെടെ മണ്ഡലത്തിലെ വിവിധ പി.ഡബ്ല്യൂ.ഡി റോഡുകൾക്ക് ഇരുവശവുമുള്ള ഓടകൾ വൃത്തിയാക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കണം. **(നടപടി: ഇ.ഇ. പി.ഡബ്ല്യൂ.ഡി റോഡ്സ്)**
70. കീഴാറൂർ പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ വൈകുന്നത് സംബന്ധിച്ചുള്ള കാരണവും വേഗത്തിലാക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. **(നടപടി: ഇ.ഇ. പി.ഡബ്ല്യൂ.ഡി റോഡ്സ്)**
71. കാട്ടാക്കട ഫയർ സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മാണവുമായി ബന്ധപ്പെട്ട AR drawing ലഭ്യമാക്കുന്നത് സംബന്ധിച്ച പ്രവർത്തനപുരോഗതി. **(നടപടി: ഇ.ഇ. പി.ഡബ്ല്യൂ.ഡി ബിൽഡിംഗ്സ്)**
72. വിളപ്പിൽശാല വില്ലേജ് ഓഫീസ് കെട്ടിടത്തിന്റെ ശോചനീയാവസ്ഥയെ പറ്റി നിരവധി മാധ്യമ വാർത്തകൾ ഉയർന്നു വരികയുണ്ടായി. ഇത് പരിഹരിക്കുന്നതിലേക്കായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ? **(നടപടി: ഡെ.കളക്ടർ (ജനറൽ), ഇ.ഇ. പി.ഡബ്ല്യൂ.ഡി ബിൽഡിംഗ്സ്)**
73. കിണർ റീചാർജ്ജ് ചെയ്യുന്ന പ്രവൃത്തി സംബന്ധിച്ച നിലവിലെ സ്ഥിതി. **(നടപടി: ജെ.പി.സി, എൻ.ആർ.ഇ.ജി.എസ്)**

**ബഹു. എം.എൽ.എ ശ്രീ. ഒ.രാജഗോപാലിന്റെ പ്രതിനിധി ശ്രീ. രഞ്ജിത്ത്.എം ഉന്നയിച്ച വിഷയങ്ങൾ**

74. 03.10.2016–ലെസ.ഉ.(സാധാ)നം.2794/2016/എൽ.എസ്.ജി.ഡി, 21.06.2016–ലെസ.ഉ.(സാധാ)നം.1966/2016/എൽ.എസ്. ജി.ഡി, 08.06.2016–ലെ സ.ഉ.(സാധാ)നം.1872/2016/എൽ.എസ്.ജി.ഡി എന്നിവ പ്രകാരം ഭരണാനുമതി ലഭിച്ച എത്ര പ്രവൃത്തികളാണ് പൂർത്തികരിച്ചിട്ടുള്ളത്. **(നടപടി: ഇ.ഇ. പി.ഡബ്ല്യൂ.ഡി റോഡ്സ്)**
75. സത്യൻ നഗർ–മുടവൻമുകൾ പാലത്തിന്റെ നിർമ്മാണത്തിന് നാളിതുവരെ സ്വീകരിച്ച നടപടികളുടെ റിപ്പോർട്ട് ലഭ്യമാക്കുക. **(നടപടി: ഇ.ഇ. പി.ഡബ്ല്യൂ.ഡി റോഡ്സ്)**
76. നേമം ശാന്തിവിള താലൂക്ക് ആശുപ്രതിയിൽ ഡോക്ടർമാരുടേയും മറ്റ് സ്റ്റാഫുകളുടേയും ലഭ്യതക്കുറവ് പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി. **(നടപടി: ജില്ലാമെഡിക്കൽ ഓഫീസർ (ആരോഗ്യം)**
77. കാലടിവാർഡിലെ കല്ലടിമുഖംപാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കണം. **(നടപടി: ഇ.ഇ. പി.ഡബ്ല്യൂ.ഡി റോഡ്സ്)**
78. കഴിഞ്ഞ ബജറ്റിൽ ആറ്റുകാൽ ടൗൺഷിപ്പാക്കുന്നതിന് 100 കോടി വകയിരിത്തിയിരുന്നു. പ്രസ്തുത ബജറ്റിൽ എത്ര തുകയാണ് നാളിതുവരെ ചെലവഴിച്ചത്. വിശദമായ റിപ്പോർട്ട് ലഭ്യമാക്കുക. **(നടപടി: സെക്രട്ടറി, തിരുവനന്തപുരം കോർപ്പറേഷൻ, സെക്രട്ടറി, ട്രിഡ)**
79. അമ്പലത്തറ കുമരിച്ചന്തയുടെ ഭാഗത്തുള്ള കരിയൽ തോടിന്റെ ഇപ്പോഴത്തെ ശോചനീയ അവസ്ഥയ്ക്ക് പരിഹാരം കാണുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി. **(നടപടി: സെക്രട്ടറി, തിരുവനന്തപുരം കോർപ്പറേഷൻ, ഇ.ഇ. മൈനർ ഇറിഗേഷൻ)**

**ബഹു.എം.എൽ.എ ശ്രീ.വി.എസ്.ശിവകുമാറിന്റെ പ്രതിനിധി ശ്രീ. എം.ജി മഹേഷ് ഉന്നയിച്ച വിഷയങ്ങൾ**

80. വികലാംഗ കോളനി നിവാസികൾക്ക് ഭവനം നിർമ്മിക്കുന്നതിനായി മുട്ടത്തറ വില്ലേജിൽ നഗരകാര്യവകുപ്പിന് കൈമാറിയ രണ്ട് ഏക്കർ ഭൂമിയിൽ വീടുകൾ നിർമ്മിച്ചു നൽകുന്നതിനാവശ്യമായ തുടർ നടപടികൾ അടിയന്തിരമായി സ്വീകരിക്കണം. **(നടപടി: സെക്രട്ടറി, തിരുവനന്തപുരം കോർപ്പറേഷൻ)**
81. വള്ളക്കടവ് പാലത്തിന്റെ പുനർ നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ഭരണാനുമതി നൽകുന്നതിന് മുമ്പ് സ്ഥലമേറ്റെടുക്കൽ പൂർത്തിയാക്കുന്നതിനും മുഖ്യമന്ത്രിതലത്തിൽച്ചേർന്ന യോഗത്തിൽ തീരുമാനിക്കുകയുണ്ടായി. തുടർ നടപടി. **(നടപടി: ഇ.ഇ. പി.ഡബ്ല്യൂ.ഡി റോഡ്സ്)**

82. പാറ്റൂർ ജംഗ്ഷനിൽ നിന്നും ജനറൽ ഹോസ്പിറ്റലിലേക്കുള്ള റോഡിൽ കണ്ണാശുപത്രിക്ക് മുമ്പായുള്ള വളവിൽ വാഹനാപകടങ്ങൾ തുടർക്കഥയാണ്. ഈ സാഹചര്യത്തിൽ പ്രസ്തുത ഭാഗത്ത് സുരക്ഷാ മുന്നറിയിപ്പ് സിഗ്നൽ ലൈറ്റ് അടിയന്തിരമായി സ്ഥാപിക്കുന്നതിനുള്ള നടപടി. **(നടപടി: സിറ്റി പോലീസ് കമ്മീഷണർ, റോഡ് സേഫ്റ്റി അതോറിറ്റി)**

**വികസന സമിതിയുടെ ചെയർമാൻ/ജില്ലാ കളക്ടർ ശ്രീ.എസ്. വെങ്കടേസപതി ഐ.എ.എസ് ജില്ലാതല ഉദ്യോഗസ്ഥർക്ക് നൽകിയ പൊതുവായ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.**

കഴിഞ്ഞ വർഷം രൂക്ഷമായ വരൾച്ചയാണ് നേരിട്ടത്. നിർഭാഗ്യവശാൽ ഇപ്പോൾ ലഭിക്കുന്ന കാലവർഷവും വളരെ കുറവാണ്. ആയതിനാൽ അടുത്ത വർഷം നേരിടാൻ പോകുന്ന വരൾച്ച അതിഭയങ്കരമായിരിക്കും. ജലസ്ത്രോതസ്സുകളും ലഭിക്കുന്ന മഴയും സംരക്ഷിക്കുകയാണെങ്കിൽ വരൾച്ചയെ ഒരു പരിധി വരെ നേരിടാൻ സാധിക്കും. അതിനായി ബന്ധപ്പെട്ട വകുപ്പുകൾ പുതിയ പ്രൊപ്പോസൽ തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്.

83. വില്ലേജ് തലത്തിൽ ജലസ്ത്രോതസ്സുകൾ കണ്ടെത്തി അവയെ ശുദ്ധീകരിച്ച് സംരക്ഷിക്കണം. **(നടപടി: പ്രിൻസിപ്പൽ അഗ്രിക്കൾച്ചറൽ ഓഫീസർ, ഡെ.ഡയറക്ടർ ഓഫ് പഞ്ചായത്ത്)**
84. കണ്ടെത്തിയ ജലസ്ത്രോതസ്സുകളുടെ (കിണറുകൾ, കുളങ്ങൾ) സംരക്ഷണത്തിനാവശ്യമായ പ്രൊപ്പോസലുകൾ തയ്യാറാക്കണം. ചെറിയ ചെക്ക് ഡാമുകൾ നിർമ്മിച്ച് ജലം തടഞ്ഞ് നിർത്തി ഉപയോഗപ്പെടുത്താൻ പ്രൊപ്പോസൽ നൽകണം. **(നടപടി: ഇ.ഇ. മേജർ ഇറിഗേഷൻ, എ.ഡി.സി (ജനറൽ))**
85. കിണർ റീചാർജ്ജിംഗ് പദ്ധതി വിപുലീകരിക്കുന്നതിനാവശ്യമായ നടപടി. **(നടപടി: ജെ.പി.സി. എം.എൻ.ആർ.ഇ.ജി.എസ്)**
86. ഈ വർഷം നേരിട്ട വരൾച്ച ഇപ്പോഴും തുടരുന്ന സ്ഥലങ്ങൾ ഉണ്ട്. പുതിയ ടാങ്കുകൾ നിർമ്മിച്ച് സ്ഥാപിക്കുന്നതിന് വേണ്ടി ഡെ.കളക്ടർ (ഡി.എം) മായി ആലോചിച്ച് നടപടി ഉടനെ സ്വീകരിക്കണം. **(നടപടി: പ്രോജക്ട് ഓഫീസർ, നിർമ്മിതി കേന്ദ്രം)**
87. റോഡുകളിൽ വിവിധ പദ്ധതികൾക്കായി കേരള വാട്ടർ അതോറിറ്റി എടുക്കുന്ന കുഴി ശരിയായ രീതിയിൽ മൂടാതെ ഇരിക്കുന്നതിനാൽ മഴ പെയ്യുന്ന സാഹചര്യത്തിൽ അപകടങ്ങൾ ഉണ്ടാകാൻ സാധ്യത ഉണ്ട്. പരിഹാരം ഉണ്ടാകേണ്ടതാണ്. **(നടപടി: ഇ.ഇ. കേരള വാട്ടർ അതോറിറ്റി പ്രോജക്ട് ഡിവിഷൻ, ഇ.ഇ. പി.ഡബ്ല്യു.ഡി റോഡ്സ്)**
88. അരുവിക്കര ഡാമിന്റെ ജലസംരക്ഷണ ശേഷി വർദ്ധിപ്പിക്കുന്നതിനായി ഡാമിലെ ചെളി നീക്കം ചെയ്ത് ക്ലീൻ ആക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കണം. **(നടപടി: ഇ.ഇ. കേരള വാട്ടർ അതോറിറ്റി, അരുവിക്കര)**

യോഗം 12.00 ന് പര്യവസാനിച്ചു.

**ഒപ്പ്/–**
**ജില്ലാ കളക്ടർ**

ആജ്ഞാനുസരണം

**ജില്ലാ പ്ലാനിംഗ് ഓഫീസർ**